**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3757</u>** **<u>15-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കെ-ഫോണിന് ഇന്റർനെറ്റ് പ്രൊവൈഡർ ലൈസൻസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസിനായി കേന്ദ്ര ടെലികോം മന്ത്രാലയത്തിൽ കെ-ഫോൺ കമ്പനി അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 'കെ-ഫോൺ ലിമിറ്റഡ്', ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി) ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കെ-ഫോണിന് ഈ ലൈസൻസ് ലഭിക്കുന്നതോടെ ഗാർഹിക ഉപഭോക്താക്കൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും പണം ഈടാക്കി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് സാധിക്കുമോ; വിശദമാക്കാമോ; | (ബി) | കെ-ഫോൺ ലിമിറ്റഡിന് ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി) ലൈസൻസ് ലഭിക്കുന്നതോടെ വിവിധ ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സാധിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | കെ-ഫോൺ ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ മാത്രമായിരിക്കുമെന്നും സർക്കാർ ഒഴികെയുള്ള ഗുണഭോക്താക്കൾ ഇന്റർനെറ്റ് സേവനങ്ങൾക്കായി മറ്റ് സേവന ദാതാക്കളെ ആശ്രയിക്കണമെന്നും കെ-ഫോൺ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ആകില്ലെന്നുമുള്ള സർക്കാരിന്റെ മുൻ നയത്തിൽ നിന്ന് വ്യതിചലിക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (സി) | ഇതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഡി) | കെ-ഫോൺ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ആകുന്നതോടെ സേവനങ്ങൾക്കായി അപേക്ഷിക്കുന്ന ഉപഭോക്താക്കൾ അവരുടെ കെ.വൈ.സി. ഡാറ്റ ഉൾപ്പെടെയുള്ള രേഖകൾ കെ-ഫോൺ അധികൃതർക്ക് നൽകേണ്ടി വരുമോ; എങ്കിൽ ഈ ഡാറ്റ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ഡി) | ടെലികോം റെഗുലേറ്ററി അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ളതും നിയമാനുസൃതവുമായ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ